KERALA STATE
HANDICAPPED PERSONS'
WELFARE CORPORATION LTD.
A Government of Kerala Undertaking

150 YEARS OF CELEBRATING THE MAHATMA

0471 234 7768, 7152, 7153, 7156 P
ks_kshpwc@yahoo.com | kshpwc@kerala.gov.in E
www.hpwc.kerala.gov.in W

## കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ സംസ്ഥാന ശിൽപ്പശാല അപേക്ഷകൾ ക്ഷണിക്കുന്നു.

ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷൻ - കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കുന്ന വിവിധതരം സ്വയം തൊഴിൽ, ഭവന, വിദ്യാഭ്യാസ, വാഹനവായ്പകൾ , ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി കേരള സംസ്ഥാന ഭിന്നശേഷി കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്നിവ സംബന്ധിച്ച് ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനാ പ്രതിനിധികൾ, എൻ.ജി.ഒ കൾ, സാമൂഹ്യ പ്രവർത്തകർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവർക്കായി സംസ്ഥാന ശിൽപ്പശാല നടത്തുന്നു. 2023 സെപ്റ്റംബർ 15ന് രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ തിരുവനന്തപുരം ഗവൺമെൻറ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിലാണ് ശിൽപ്പശാല നടക്കുന്നത്. ബഹുമാനപ്പെട്ട ഗതാഗത വകുപ്പ് മന്ത്രി അഡ്വ. ആന്റണി രാജുവിന്റെ അദ്ധ്യക്ഷതയിൽ ബഹു. ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ശിൽപ്പശാല ഉദ്ഘാടനം ചെയ്യുന്നു. എൻ.എച്ച്.എഫ്.ഡി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ള പ്രമുഖർ പങ്കെടുക്കുന്ന ശിൽപ്പശാലയിൽ സംബന്ധിക്കുന്നതിന് താൽപ്പര്യമുള്ള മുകളിൽ പറഞ്ഞ വിഭാഗത്തിൽപ്പെട്ട സംഘടനാ പ്രവർത്തകരിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. നിശ്ചിത മാതൃകയിൽ ഉള്ള അപേക്ഷാഫോറം പൂരിപ്പിച്ച് shilpashaala2023@gmail.com എന്ന മെയിൽ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. 2023 സെപ്റ്റംബർ 8ന് വൈകുന്നേരം 5 മണി വരെ ലഭ്യമാകുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. നിശ്ചിത അപേക്ഷാ ഫോറത്തിൽ അപേക്ഷ സമർപ്പിക്കപ്പെടുന്നവരെ മാത്രമേ ശിൽപ്പശാലയിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളൂ. അപേക്ഷയും മറ്റു വിശദാംശങ്ങളും കോർപ്പറേഷൻ വെബ്സൈറ്റായ www.hpwc.kerala.gov.in ൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2347768, 9497281896 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

മാനേജിംഗ് ഡയറക്ടർ